**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

# തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം.2912/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.21/12/2019.**

പരാമർശം:- 1) പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 1- 6639/12 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 23.06.2014 ലെ എം3-15396/14 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 03.07.2015 ലെ എൽ.എഫ്.13486/പി.റ്റി.2/2015 നമ്പർകത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഓഡിറ്റ് ഡയറക്ടർ 2009-10 വർഷം നടത്തിയ ഓഡിറ്റ് പരിശോധനയിൽ 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ചെലവ് 3.1 നമ്പർ ഖണ്ഡിക പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. മലമ്പുഴ ഗ്രാമപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വികലാംഗർക്ക് പെട്ടിക്കട നൽകിയ ഇനത്തിൽ ചെലവായ തുകയാണ് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. ഗുണഭോക്തൃ വിഹിതമില്ലാതെ മുഴുവൻ തുകയും പ്ലാൻഫണ്ടിൽ അനുവദിച്ചതിനാലായിരുന്നു ഓഡിറ്റ് വകുപ്പ് ടി തടസ്സപ്പെടുത്തൽ നടത്തിയിരുന്നത്. ടി തടസ്സപ്പെടുത്തലിനെ തുടർന്ന് മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേന സാധൂകരണാപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി. ആയത് പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും തുടർന്ന് സർക്കാർ ആയതിൻമേൽ ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടാവശ്യപ്പെടുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്.

**2.** ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ പഞ്ചായത്ത് കമ്മിറ്റിയുടെ വിശദീകരണം, മോണിറ്ററിംഗ് സമിതിയുടെ ശിപാർശ എന്നിവ പരിഗണിച്ച് മേൽ വിഷയത്തിൽ സാധൂകരണം നൽകുന്നത് സംബന്ധിച്ച് സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വ്യക്തമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സിഡ്കോ മുഖാന്തരം നടപ്പിലാക്കിയ ടി പദ്ധതി ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന ഹതഭാഗ്യരായവർക്ക് ചെറിയ ഉന്നമനത്തിനെങ്കിലും ഉപകാരപ്പെട്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും മറ്റ സമാന കേസുകളിൽ സാധൂകരണം നൽകിയിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,75,000/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**